KSFE

THE KERALA STATE FINANCIAL ENTERPRISES LIMITED
(A Government of Kerala Undertaking)
Bhadratha, Museum Road, P.B. No.510, Thrissur - 680 020, Kerala, India
Ph: +91 487 2332255, Fax: +91 487 2336232, www.ksfe.com

നമ്പർ : 2312/4312 തിയതി: 05.08.2021

## സർക്കുലർ നമ്പർ . 72 /2021 (P&HR)

വിഷയം : കോവിഡ് -19 -- പുതിയ സർക്കാർ നിയന്ത്രണപ്രകാരം കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം പുന: ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : G.O.(Rt) No. 564/2021/DMD തിയതി 04/08/2021.

** ** ** ** **

മേൽ സൂചനയനുസരിച്ച് കെ.എസ്.എഫ്.ഇ ഓഫീസുകളുടെ/ശാഖകളുടെ പ്രവർത്തനം താഴെക്കാണും വിധം പുന:ക്രമീകരിച്ചിരിക്കുന്നു.

1. ഇനി ഒരു അറിയിപ്പുണ്ടാകും വരെ ശനിയാഴ്ചകളിലും (പൊതു അവധിദിനങ്ങൾ അല്ലാത്ത) കെ.എസ്.എഫ്.ഇ ഓഫീസുകൾ /ശാഖകൾ തുറന്നു പ്രവർത്തിക്കുന്നതാണ്.
2. സായാഹ്നശാഖകളുടെ പ്രവർത്തനസമയം ഉച്ചയ്ക്ക് 1 മണി മുതൽ വൈകീട്ട് 7 മണി വരെയായി പുന:സ്ഥാപിച്ചിരിക്കുന്നു. സായാഹ്നശാഖകൾ ലേലസമയം അതിനനുസരിച്ച് പുന:സ്ഥാപിക്കേണ്ടതും ആയത് ഇടപാടുകാരെ അറിയിക്കേണ്ടതുമാണ്.
3. രോഗബാധിത വാരാനുപാതം (Weekly Infection Population Ratio - WIPR) 10 ൽ കൂടുതലുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ശാഖകൾ/ഓഫീസുകൾ അതത് ജില്ലാ അധികൃതരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.
4. ഓഫീസുകളിൽ/ശാഖകളിൽ വാക്സിനേഷൻ എടുത്ത ജീവനക്കാരുടെ എണ്ണം പ്രദർശിപ്പിക്കേണ്ടതാണ്. ഒപ്പം ഒരു സമയത്ത് പ്രവേശനം അനുവദിക്കുന്ന ആളുകളുടെ എണ്ണവും (മാതൃക അവസാനം നൽകിയിട്ടുണ്ട്).
5. സർക്കാർ നിർദ്ദേശ പ്രകാരം താഴെപ്പറയുന്ന സന്ദർശകർക്ക്/ഇടപാടുകാർക്കാണ് ഓഫീസുകളിൽ/ശാഖകളിൽ പ്രവേശനം അനുവദിക്കാൻ അനുമതി നൽകുക.
   - i. വാക്സിൻ ഒരു ഡോസെങ്കിലും എടുത്തവർ.
   - ii. 72 മണിക്കൂറിനുള്ളിൽ എടുത്ത കോവിഡ് നെഗറ്റീവ് ആർ.ടി.പി.സി.ആർ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ.
   - iii. കോവിഡ് രോഗം ബാധിച്ച് ഒരു മാസം പിന്നിട്ടവർ.

<u>പ്രദർശിപ്പിക്കേണ്ട അറിയിപ്പിന്റെ മാതൃക</u>

| | |
|---|---|
| ആകെ ജീവനക്കാർ | : |
| രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ചവർ | : |
| ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർ | : |
| ഒരു സമയത്ത് ശാഖയിൽ/ഓഫീസിൽ പ്രവേശനം അനുവദിക്കാവുന്നവരുടെ എണ്ണം | : |

**കെ.എസ്.എഫ്.ഇ യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ. വി.പി**
**മാനേജിംഗ് ഡയറക്ടർ**

To : എല്ലാ ശാഖ തലവന്മാർക്കും

പകർപ്പ് :
1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ്.ഡി.ടി മേധാവികൾക്കും
3. എല്ലാ ഐ.എ.ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എം.ഡിയുടെ പി.എ